Sectt. 3/45/2010/5 lakhs GPM. © Govt. of Kerala.

GOVERNMENT OF KERALA

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - മട്ടന്നൂർ നഗരസഭാ പൊതുതിരഞ്ഞെടുപ്പ് - പുതിയതായി തിരഞ്ഞെടുക്കുന്ന അംഗങ്ങളുടെ സത്യപ്രതിജ്ഞ സംബന്ധിച്ച ഉത്തരവ് - ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================

**തദ്ദേശ സ്വയംഭരണ (ഇഎം) വകുപ്പ്**

ജി.ഒ.(ആർ.റ്റി) നം. 2499 /2012/തസ്വഭവ. തിരുവനന്തപുരം, തീയതി, 03/9/2012.

================================================================

പരാമർശം:- 1) 23/8/2012-ലെ ജി.ഒ. (ആർ.റ്റി) 2455/12/ത.സ്വ.ഭ.വ. നം. ഉത്തരവ്.
2) സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ സെക്രട്ടറിയുടെ 25/8/12 -ലെ 1818/ബി/11/സം.തി.ക നമ്പർ കത്ത്.

**ഉത്തരവ്**

കണ്ണൂർ ജില്ലയിലെ മട്ടന്നൂർ (എം.57) നഗരസഭയുടെ പൊതു തിരഞ്ഞെടുപ്പിനുശേഷം അംഗങ്ങളുടെ സത്യപ്രതിജ്ഞയുമായി ബന്ധപ്പെട്ട് സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ സംബന്ധിച്ച് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവിൽ പുതിയ അംഗങ്ങളുടെ സത്യപ്രതിജ്ഞയ്ക്കുള്ള തീയതി 10/9/2012-ലാകണം എന്ന് നിർദ്ദേശിച്ചിരുന്നു. ആയതിനു പകരം നിലവിലെ ഭരണസമിതിയുടെ കാലാവധി പൂർത്തിയാകുന്ന മുറയ്ക്ക് സത്യപ്രതിജ്ഞാ തീയതി 11/9/2012 ചൊവ്വാഴ്ചയായി നിശ്ചയിക്കണമെന്ന് പരാമർശം (2) പ്രകാരം സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ സർക്കാരിനോടാവശ്യപ്പെട്ടിരിക്കുന്നു.

സർക്കാർ ഈ വിഷയം പരിശോധിച്ചു. മട്ടന്നൂർ നഗരസഭാ തിരഞ്ഞെടുപ്പിനു ശേഷം അംഗങ്ങളുടെ സത്യപ്രതിജ്ഞ നടക്കേണ്ട തീയതി 10/9/2012 തിങ്കളാഴ്ച എന്നതിനുപരം 11/9/2012 ചൊവ്വാഴ്ചയായി നിശ്ചയിച്ച് പരാമർശം (1)ലെ ഉത്തരവിൽ ഭേദഗതി വരുത്തി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

എസ്. ജമുന,

അഡീഷണൽ സെക്രട്ടറി.

സെക്രട്ടറി, സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ കളക്ടർ, കണ്ണൂർ
ഇൻഫർമേഷൻ ആന്റ് പബ്ലിക്ക് റിലേഷൻസ് വകുപ്പ്, തിരുവനന്തപുരം.

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,
പാങ്ങപ്പാറ, തിരുവനന്തപുരം (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിലേയ്ക്ക്)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ